പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3420

08.11.2019-ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2019 മാർച്ച് 31 ന് മുമ്പ് പണി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ തുക സ്വയം കണ്ടെത്തണമെന്നും, 2019-20 വർഷത്തെ ഫണ്ടിൽ ഉൾപ്പെടുത്തണമെന്നും സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; | എ) സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 15.05.2019 തീയതിയിലെ സ.ഉ(സാധാ)നം.990/2019/തസ്വഭവ ഉത്തരവ് പ്രകാരവും 12.06.2019 തീയതിയിലെ സ.ഉ. (സാധാ) നം.1209/2019/തസ്വഭവ ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാകുമ്പോൾ കൂടുതൽ പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 20 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും 30 ശതമാനം വരെയും സ്പിൽ ഓവർ ബാധ്യത ബജറ്റ് വിഹിതത്തിന് ഉപരിയായി മാറ്റി നിർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ 12/04/2019 തീയതിയിലെ സ.ഉ. (സാധാ) നം.3002/2019/ധന നമ്പർ ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും ആദ്യ ഗഡുക്കളിൽ നിന്നും ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ മാറുന്നതിനും 30/05/2019 തീയതിയിലെ സ.ഉ(സാധാ) നം. 4086/2019/ധന നമ്പർ ഉത്തരവ് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലുള്ള ക്യൂ ബില്ലുകൾ മാറുന്നതിനും ഉത്തരവിറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കേന്ദ്ര, സംസ്ഥാന പദ്ധതികൾ ഉൾപ്പെടെ മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന വിഹിതം ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ഗ്രാമസഭകളിൽ അംഗീകാരം നേടിയ പദ്ധതികൾ ഉപേക്ഷിക്കുക വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ